AMRITA
KAIRALI VIDYA BHAVAN
Senior Secondary School(CBSE)
Nedumangad



**മെയ് 2021**

അമൃതം മലയാളം; മനോഹരം! ആശ്ചര്യം! ഭാഷാ പരിപോഷിണി ഓൺലൈൻ മാസിക വാല്യം-1

# അമൃതം മലയാളം
## മനോഹരം! ആശ്ചര്യം!
### ഭാഷാ പരിപോഷിണി ഓൺലൈൻ മാസിക



സ്ഥിരം പംക്തി >>>

## സാഹിത്യ പ്രശ്നോത്തരി

രശ്മിത. ആർ.നായർ
(അദ്ധ്യാപിക, മലയാള വിഭാഗം)

1. മലയാള ഭാഷയുടെ പിതാവ് ആര്?
   ഉ: തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.
2. മലയാളത്തിലെ ആദ്യത്തെ വഞ്ചിപ്പാട്ട് ഏത്?
   ഉ: കുചേലവൃത്തം
3. രമണൻ എന്ന കാവ്യം രചിച്ചതാര്?
   ഉ: ചങ്ങമ്പുഴ കൃഷ്ണ പിള്ള
4. ഉള്ളൂരിന്റെ മഹാകാവ്യം ഏത്?
   ഉ: ഉമാകേരളം
5. മലയാള സാഹിത്യത്തിലെ ആദ്യ മഹാകവി ആര് ?
   ഉ: ചെറുശ്ശേരി
6. വീണ പൂവ് എന്ന കാവ്യം രചിച്ചതാര്?
   ഉ: കുമാരനാശാൻ
7. ബാലമുരളി എന്ന തൂലികാ നാമത്തിൽ ആദ്യകാലത്ത് രചനകൾ നടത്തിയിരുന്ന കവി ആര്?
   ഉ: ഒ.എൻ.വി.കുറുപ്പ്
8. സിനിമയാക്കിയ ആദ്യ മലയാള നോവൽ ഏത് ?
   ഉ: മാർത്താണ്ഡവർമ്മ

9 ആട്ടക്കഥയുടെ ഉപജ്ഞാതാവ് ആര്?
ഉ: ഉണ്ണായിവാര്യർ

10 ഇന്ദുലേഖ എന്ന നോവലിന്റെ രചയിതാവ് ആര് ?
ഉ: ഒ.ചന്തുമേനോൻ

ഭാഷ... അനശ്വരമായഅക്ഷരങ്ങളുടെ മഹാപ്രവാഹം.. മനുഷ്യരുടെ ചിന്തകളും സ്വപ്നങ്ങളും ജീവിതവുമെല്ലാം ഭാഷയിൽ അധിഷ്ഠിതമാണ്. സങ്കല്പങ്ങൾക്ക് ചിറകു വിടർത്തുന്നതും സ്വപ്നങ്ങൾക്ക് വർണം പകരുന്നതും ഭാഷയാണ്.ആശയങ്ങൾക്കും നിലപാ ടുകൾക്കും ആർജവം ലഭിക്കുന്നത് മാതൃഭാഷയുടെ പ്രയോഗത്തിലൂടെയാണ്.മറ്റുള്ള ഭാഷകളെ അപേക്ഷിച്ച് ഓരോരുത്തർക്കും മാതൃഭാഷ സംസ്കാരത്തിന്റെ കൂടി അടയാളപ്പെടുത്തലാണ്.

മലയാളം... കേരളീയരുടെ മാതൃഭാഷ.മാധുര്യം തുളുമ്പുന്ന ഭാഷ. മലയാളത്തെ സ്വന്തം അമ്മയെപ്പോലെയാണ് നാം സ്നേഹി ക്കേണ്ടത്.സ്വന്തം ഭാഷയുടെ സംരക്ഷണം ഓരോ മലയാളിയിലും നിക്ഷിപ്തമാണ്. മലയാളഭാഷയെ പരിപോഷിപ്പിക്കുക, കുട്ടികളിലെ സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുക, മാതൃഭാഷയുടെ മഹത്വം കുട്ടികളിലൂടെ പകരുക എന്നീ ലക്ഷ്യങ്ങളോടെ അമൃത കൈരളി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ മലയാള വിഭാഗം 'അമൃതം മലയാളം മനോഹരം ആശ്ചര്യം' എന്ന പേരിൽ ഒരു ഓൺലൈൻ മാസിക ആരംഭിച്ചിരിക്കുകയാണ്.

മലയാളത്തിന്റെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് വേണ്ടി എല്ലാ മാസവും മാസികയുടെ പ്രസിദ്ധീകരണം ഉണ്ടാക്കും. വ്യാകരണം, മലയാള ഭാഷയുടെ ഉല്പത്തി വിവരണം, മലയാളത്തിന് മറ്റു ഭാഷകളുമായുള്ള ബന്ധത്തെക്കുറിച്ചുള്ള വിശദീകരണം, പ്രശസ്ത എഴുത്തുകാരുടെ ലേഖനങ്ങൾ, സാഹിത്യ പ്രശ്നോത്തരി, കുട്ടികളുടെ കഥകൾ, കവിതകൾ, ലേഖനങ്ങൾ, പുസ്തകപരിചയം തുടങ്ങിയവയാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുവഴി കുട്ടികൾക്ക് സർഗാത്മകതയുടെ വാതായനങ്ങൾ തുറക്കപ്പെടുകയാണ്.എല്ലാ വിദ്യാർത്ഥി കളും മഹത്തായ ഇൗ സംരംഭത്തിൽ പങ്കാളികളായി മലയാള ഭാഷയുടെ കൈവഴികളാകുക....

"വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും... വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും"

- കുഞ്ഞുണ്ണി മാഷ്

# അമ്മ മലയാളം

**ഡോ ജോർജ് ഓണക്കൂർ (അധ്യാപകൻ, എഴുത്തുകാരൻ)**



മലയാളം... മലയാളിയുടെ മാതൃഭാഷ.. കേരളീയരുടെ സാംസ്കാരിക മണ്ഡലത്തിൽ ജ്വലിച്ചുനിൽക്കുന്ന ഭാഷ. ആശയവിനിമയത്തിന് പുറമേ കലാ, സാംസ്കാരിക, സാഹിത്യ മേഖലകളിലും നിറവായി നിൽക്കുന്നു. ശ്രേഷ്ഠഭാഷാ പദവിയുടെ തലയെടുപ്പോടെ കവിതയായും കഥയായും നോവലായും വിരാജിക്കുന്നു. പാട്ട്,സിനിമ, നാടകം തുടങ്ങി ഒരോ മലയാളിയുടെ യും കഴിവുകളെ അന്തർദേശീയതലത്തിലേക്ക് വരെ ഉയർത്തിയ ഭാഷ.

മലയാളിയുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും പാലൂട്ടി വളർത്തിയ മലയാളം. നിരവധിയായ രംഗങ്ങളിൽ മാതൃഭാഷ ഒരു വഴികാട്ടിയായി നമ്മോടൊപ്പമുണ്ട്. ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛനിൽ തുടങ്ങി സാഹിത്യ സമ്പന്നരായ ഒട്ടനവധിപേർ മലയാളത്തിന് സ്വന്തം.

മലയാളത്തിന്റെ മാധുര്യവും ലാളിത്യവും സ്വന്തം കൃതികളിൽ കോരി നിറച്ച സാഹിത്യ നക്ഷത്രങ്ങൾ ഒട്ടനവധി നമുക്കുണ്ട്. അവരുടെ യാത്രയാണ് മലയാളത്തിന്റെ വളർച്ചയിലേക്ക് നയിച്ചത്.

" മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്യനു പെറ്റമ്മ തൻ ഭാഷതാൻ" എന്ന് മഹാകവി വള്ളത്തോൾ നാരായണ മേനോൻ പാടിയത് മലയാളത്തിന്റെ മഹത്വവും പ്രൗഢിയും മനസ്സിലാക്കിയതുകൊണ്ടാണ്. മലയാളഭാഷയുടെ വളർച്ചയും വികാസവവും ഭാഷാസ്നേഹികൾ ഭാഷയ്ക്ക് നൽകിയ സംഭാവനകൾ കൊണ്ട് കാലഘട്ടങ്ങളിലൂടെ സിദ്ധിച്ചതാണ്.

ഇപ്പോൾ ഭരണഭാഷയായി ഉപയോഗിക്കുന്നതും മലയാള മാണ്. മാതൃഭാഷയുടെ മഹത്വം കുട്ടിക്കാലം മുതൽ തന്നെ മനസ്സിലാക്കേണ്ടതാണ് . കുട്ടികളിലൂടെ യാണ് അത് മറ്റുള്ളവരിലേക്ക് പകരേണ്ടത്. വായന പ്രോത്സാഹിപ്പിക്കുക, സർഗാത്മക ശേഷി പരിപോഷിപ്പിക്കുക, സാഹിത്യ രംഗത്ത് സംഭാവനകൾ നൽകുക, മാതൃഭാഷാസ്നേഹം വളർത്തുന്നതിന് ആവശ്യമായ പുതിയ പാതകൾ തുറക്കുക തുടങ്ങിയവയിലൂടെ മലയാളത്തിൻറെ വളർച്ച കൂടുതൽ ഊർജസ്വലമാക്കാൻ നമുക്ക് സാധിക്കും.

കുട്ടികളിൽ ഭാഷാസ്നേഹം വളർത്തുന്നതിനും സർഗാത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി അമൃത കൈരളി വിദ്യാഭവൻ ആരംഭിച്ചിരിക്കുന്ന 'അമൃതം മലയാളം മനോഹരം ആശ്ചര്യം' എന്ന ഭാഷാ മാസിക അതിൻ്റെ ഫലപ്രാപ്തിയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

മലയാള ഭാഷയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഒരോ കുട്ടിയും ഭാഗഭാക്കാകേണ്ടതാണ്. മറ്റുള്ള ഭാഷകൾ പഠിക്കുമ്പോഴും മാതൃഭാഷയ്ക്ക് പ്രാമുഖ്യം നൽകുന്ന പ്രവർത്തനങ്ങൾ കുട്ടികളിൽ നിന്ന് ഉണ്ടാകേണ്ടതാണ്. അതിനായുള്ള യത്നം സാർത്ഥകമാക്കുകയാണ് വേണ്ടത് .അത് ഒരു മലയാളി എന്ന നിലയിൽ മാതൃഭാഷയോട് നമുക്കുള്ള ഉത്തരവാദിത്വം കൂടിയാണ്.

**കവിത >>>**

## എന്റെ അമ്മ

**സനവ് സംഗീത് (അഞ്ച് -ഡി)**



കണ്ണുകൊണ്ട് കാണാൻ കഴിയുന്ന ദൈവം- അമ്മ
ഇരുട്ടിനെ വെളിച്ചമാക്കുന്ന ആദ്യ ഗുരുവാണ് അമ്മ
ഉള്ളെത്ര വിങ്ങിയാലും ചിരിയാണമ്മ
കണ്ണൊന്നു നിറഞ്ഞാൽ തേങ്ങുന്ന ഹൃദയമാണമ്മ
തെറ്റുകൾ ക്ഷമിക്കുന്ന വലിയ കോടതി അമ്മ
സ്നേഹവും കരുണയും ത്യാഗവും ഒന്നിച്ചു ചേരുന്ന വാക്കാണമ്മ
എന്നിലെ നന്മ എന്നമ്മ
വായിച്ചാലും തീരാത്ത തുറന്ന പുസ്തകമാണമ്മ
എന്നെ ഞാനാക്കി മാറ്റിയ മാലാഖയാണ് അമ്മ
പുലരിയിൽ തഴുകിയ കൈകളും ഇരുളിൽ തലോടിയ കരങ്ങളും എന്നമ്മ

# ഭാഷയും വ്യാകരണവും

ബിന്ദു നന്ദന (അദ്ധ്യാപിക, മലയാള വിഭാഗം)

അർത്ഥസമ്പുഷ്ടമായ ശബ്ദങ്ങൾ ഉപയോഗിച്ച് ആശയപ്രകാശനം നടത്തുന്നതിനുള്ള ഉപാധിയാണ് ഭാഷ. ഭാഷ തെറ്റ് കൂടാതെ ഉപയോഗിക്കുന്നതിനുള്ള നിയമത്തെ കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രമാണ് വ്യാകരണം. 'മലയാള വ്യാകരണത്തിൻറെ പിതാവാ'യി അറിയപ്പെടുന്നത് 'കേരളപാണിനി' എന്നറിയപ്പെടുന്ന എ. ആർ. രാജരാജവർമ്മ യാണ്. ഭാഷാ പ്രയോഗ നിയമങ്ങളാണ് വ്യാകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഭാഷയുടെ പ്രയോഗ മാതൃകകൾ, ആന്തരികമായ പ്രത്യേകതകൾ എന്നിവയെല്ലാം വ്യാകരണത്തിൽ പെടുന്നു.എഴുതാൻ ഉപയോഗിക്കുന്ന ഭാഷയെ 'വരമൊഴി എന്നും സംസാരിക്കുന്നതിന് ഉപയോഗിക്കുന്ന ഭാഷയെ 'വാമൊഴി' എന്നും അറിയപ്പെടുന്നു.


ഭാഷയെ അപഗ്രഥിക്കുമ്പോൾ വർണം, അക്ഷരം ,പദം , വാക്യം എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഉണ്ട്. പിരിക്കാൻ പാടില്ലാത്ത ഒറ്റയായി നിൽക്കുന്ന ധ്വനിയാണ് വർണ്ണം. സ്വയം ഉച്ചാരണ ക്ഷമമായ വർണങ്ങളെ സ്വരം എന്നു പറയുന്നു. അ, ഇ, ഉ മുതലായവ ഉദാഹരണങ്ങളാണ്.സ്വര സഹായത്തോടെ ഉച്ചരിക്കാൻ കഴിയുന്ന വർണമാണ് വ്യഞ്ജനം.ക, ച, ട തുടങ്ങിയവ ഉദാഹരണം.ഒറ്റയായോ വ്യഞ്ജനത്തോടു ചേർന്നോ നിൽക്കുന്ന സ്വരമാണ് അക്ഷരം.

അക്ഷരങ്ങൾ എഴുതി കാണിക്കാൻ ഉപയോഗിക്കുന്ന സാങ്കേതിക രൂപമാണ് ലിപി.ക, ഖ, സ തുടങ്ങിയവ ഉദാഹരണങ്ങളാണ് . ഒറ്റ മാത്രയിൽ ഉച്ചരിക്കുന്ന അക്ഷരത്തെ ഹ്രസ്വം എന്നും രണ്ട് മാത്രയിൽ ഉച്ചരിക്കുന്നവയെ ദീർഘം എന്നും വിളിക്കുന്നു. സ്വര സ്പർശമില്ലാതെ വ്യഞ്ജനങ്ങൾ ഉച്ചരിക്കാൻ സാധ്യമല്ല. ഒന്നിലധികം വ്യഞ്ജനങ്ങൾ വരുമ്പോൾ അവയുടെ ഒടുവിലാണ് സ്വരം ചേർക്കേണ്ടത് .ഇത്തരത്തിൽ ഒന്നിൽ കൂടുതൽ വ്യഞ്ജനങ്ങൾ ചേർന്നു വരുന്നതിനെ കൂട്ടക്ഷരം എന്നു വിളി ക്കുന്നു. ക്ക,ച്ച ,പ്പ തുടങ്ങിയവ ഉദാഹരണം. സ്വര യോഗം കൂടാതെ നിൽക്കുന്ന വ്യഞ്ജനങ്ങളാണ് ചില്ലുകൾ .ൺ, ൻ, ർ,ൾ, ൽ എന്നീ ചില്ലുകളാണ് ഭാഷയിൽ പ്രയോഗ ത്തിലുള്ളത്. ഹ്രസ്വമായ ഉകാരം രണ്ടു വിധമുണ്ട്.സംവൃതവും വിവൃതവും. സ്പഷ്ടമായി തുറന്നുച്ചരിക്കുന്ന ഉകാരം വിവൃതവും അടച്ച് ഉച്ചരിക്കുന്നവ സംവൃതവുമാണ്. കേട്ടു, കണ്ടു, വന്നു എന്നിവയിലെ ഉകാരം വിവൃതവും കേട്ട്, കണ്ട്, വന്ന് എന്നിവയിലേത് സംവൃതവുമാണ്. 'അരയുകാരം' എന്നാണ് ഗുണ്ടർട്ട് സംവൃതോകാരത്തിന് നൽകിയിരിക്കുന്ന പേര്. ചന്ദ്രക്കല എന്നും ഇതിനെ വിളിക്കാറുണ്ട്.

# പുസ്തക പരിചയം

## 'നിശബ്ദ സഞ്ചാരങ്ങൾ'- ബെന്യാമിൻ

ശ്രീനന്ദ .എസ് (പത്ത്-ബി )




വർഷങ്ങൾക്ക് മുൻപ് തന്നെ സ്വന്തം കുടുംബത്തെ പട്ടിണിയിൽ നിന്നും പലായനത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി പുരുഷന്മാർക്ക് മുൻപേ വിദേശത്തേക്ക് പോയ മറിയാമ്മ എന്ന ഒരു നഴ്സിനെയും അവരെക്കുറിച്ചുള്ള നാലാം തലമുറയുടെ അന്വേഷണവുമാണ് 'നിശബ്ദ സഞ്ചാരങ്ങൾ' എന്ന ബെന്യാമിൻ്റെ നോവൽ.

രണ്ടാംലോക മഹായുദ്ധകാലത്ത് സിംഗപ്പൂരിലേക്കും പിന്നെ ടാൻസാനിയയിലേക്കും പോയ ആ നഴ്സിൻ്റെ ബുദ്ധിമുട്ടുകളും അനുഭവങ്ങളും ഈ നോവലിൽ തുറന്നുകാണിക്കുന്നു. ആ കാലത്ത് നഴ്സ് മാർ അനുഭവിക്കേണ്ടി വന്ന പ്രശ്നങ്ങൾ നമുക്ക് ഈ നോവലിൽ കാണാം. കേരളത്തിൽ നിന്നുമുള്ള നഴ്സുമാരുടെ ആദ്യകാല സഞ്ചാരം തുടങ്ങി തലമുറകൾക്കു ശേഷവും അവർ കുടുംബത്തിനായും മറ്റുള്ളവരുടെ നന്മക്കായും നടത്തുന്ന പലായനങ്ങളെ വളരെ ലളിതമായ ഭാഷയിൽ ഇതിൽ വിവരിച്ചിരിക്കുന്നു. ഈ നോവലിൽ ആയിരത്തി തൊള്ളായിരത്തി അൻപത്തി നാലിൽ ടാൻസാനിയയിൽ വച്ച് മരണപ്പെട്ട മറിയാമ്മയുടെയും അതിന് ശേഷം രണ്ടായിരത്തി ഇരുപതിൽ ആഫ്രിക്കയിൽ വച്ച് മരണപ്പെട്ട മറിയ എന്ന നഴ്സിൻ്റെയും കഥകൾ പറഞ്ഞിരിക്കുന്നതു വഴി അനുസ്യൂതം തുടരുന്ന ബഹളങ്ങളും ആരവങ്ങളുമില്ലാതെ ആരാരും അറിയാത്ത നഴ്സ്മാരുടെ സഞ്ചാരത്തെയാണ് നോവിൽ അവതരിപ്പിച്ചിരിക്കുന്നത്.

യുദ്ധകാലത്ത് അനുഭവിക്കേണ്ടിവന്ന പ്രശ്നങ്ങൾ നമുക്ക് ഈ നോവലിൽ കാണാം കേരളത്തിൽ നിന്നും ഉള്ള സിനിമയുടെ ആദ്യകാല സഞ്ചാരം തുടങ്ങി തലമുറകൾക്ക് ശേഷവും അവർ കുടുംബത്തിനായി മറ്റുള്ളവരുടെ നന്മ യ്ക്കായി നടത്തുന്ന പലായനങ്ങൾ വളരെ ലളിതമായ ഭാഷയിൽ ഇനോവ വിവരിച്ചിരിക്കുന്നു .

യുദ്ധ കാലത്ത് മറിയാമ്മ എന്ന നഴ്സിന് സിംഗപ്പൂരിൽ വച്ച് ഉണ്ടായ അനുഭവങ്ങളും അവിടുത്തെ ക്യാമ്പുകളിലെ ക്രൂരരായ ഉദ്യോഗസ്ഥരെയും കുറിച്ച് അവർ നാട്ടിലേക്ക് എഴുതിയ കത്തുകളിലൂടെ നമുക്ക് അറിയാനാകുന്നുണ്ട്. ആ കത്തുകളിലൂടെ അവിടുത്തെ ദ്വീപുകൾ ജപ്പാൻ പിടിച്ചടക്കുന്നതും പുതിയ ക്യാമ്പുകളിലേക്ക് ഉള്ള ദുഷ്കരമായ സഞ്ചാരങ്ങളുമെല്ലാം പറഞ്ഞിരിക്കുന്നു. അവിടുത്തെ ദുഷ്ടരായ ഉദ്യോഗസ്ഥരുടെ തടവുകാരായ പട്ടാളക്കാരോ ടുള്ള ഉപദ്രവങ്ങൾ നിസ്സഹായരായി കണ്ടു നിൽക്കേണ്ടി വരുന്നതും അവിടുന്ന് രക്ഷപ്പെടാനുള്ള പ്രതീക്ഷകളും ഈ കത്തുകളിലൂടെ നോവലിൽ വരച്ചു കാണിക്കുന്നു. അവരുടെ ഈ കഷ്ടപ്പാടുകൾ കാരണമാണ് ആ കുടുംബം പട്ടിണിയിൽ നിന്നും പലായന ത്തിൽ നിന്നും രക്ഷപ്പെട്ടതെന്നും നമുക്ക് ഈ നോവലിലൂടെ മനസിലാക്കാം.

കഥ >>>

# ചങ്ങാതി

അഷ്ടമി .എസ്. ജി
(നാല്-ഡി)

ഒരു മരത്തിൽ ഒരു കുഞ്ഞിക്കിളി കൂട് കൂട്ടി താമസിച്ചിരുന്നു. ആ മരത്തിൽ തന്നെ ഒരു അണ്ണാനും വസിച്ചിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു .

കുഞ്ഞി ക്കിളി എന്നും രാവിലെ ആഹാരം അന്വേഷിച്ച് പോകും. തിരികെ വരുമ്പോൾ കിട്ടിയതിൽ പങ്ക് അണ്ണാനും കൊണ്ടുക്കൊടുക്കും.

അങ്ങനെയിരിക്കെ ഒരു ദിവസം കുഞ്ഞിക്കിളി തീറ്റ തേടി പോയിട്ട് തിരികെ വരാൻ താമസിച്ചു. അണ്ണാൻ കുഞ്ഞികിളിയെ തിരഞ്ഞപ്പോൾ ഒരു വേട്ടക്കാരൻറെ വലയിൽ പെട്ട് കിടക്കുന്നത് കണ്ടു .അണ്ണാൻ വേഗം തന്നെ പോയി വല കടിച്ചുമുറിച്ച് കുഞ്ഞിക്കിളിയെ രക്ഷിച്ചു. നല്ല ചങ്ങാതിമാർ ആണെങ്കിൽ ഏത് വലിയ ആപത്തിൽ പെട്ടാലും അവർ നമ്മെ രക്ഷിക്കാൻ ശ്രമിക്കും.

ഗുണപാഠം: ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട



സ്ഥിരം പംക്തി >>>

# തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

**ചിത്ര.എസ് (ഹെഡ്.ഓ.ഡി, മലയാള വിഭാഗം)**



"സാനന്ദരൂപം സകല പ്രബോധ
മാനന്ദദാനാമൃത പാരിജാതം
മനുഷ്യപത്മേഷു രവിസ്വരൂപം പ്രണൗമി
തുഞ്ചത്തെഴുമാചാര്യ പാദം"

ആധുനിക മലയാളഭാഷയുടെ പിതാവും കവികുലഗുരുവുമായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലാണ് ജീവിച്ചിരുന്നതെന്ന് കരുതപ്പെടുന്നു. ഇന്നത്തെ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ തൃക്കണ്ടിയൂരിനു സമീപം തുഞ്ചൻപറമ്പാണ് എഴുത്തച്ഛന്റെ ൻ ജന്മദേശം എന്ന് കരുതിപ്പോരുന്നു എഴുത്തച്ഛനാണ് 30 അക്ഷരമുള്ള വട്ടെഴുത്തിനു പകരം 51 അക്ഷരമുള്ള മലയാളം ലിപി പ്രയോഗത്തിൽ വരുത്തിയതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. കുട്ടികൾക്ക് മണലിലെഴുതി അക്ഷരമെഴുത്ത് പരിശീലിപ്പിക്കുന്ന സമ്പ്രദായം എഴുത്തച്ഛനാണ് തുടങ്ങിയത്. അതിനാലാകാം ബഹുമാനസൂചകമായി എഴുത്തച്ഛൻ എന്ന് വിളിച്ചു പോന്നത്.

എഴുത്തച്ഛന്റെ കാവ്യങ്ങൾ തനിമലയാളത്തിലായിരുന്നില്ല, സംസ്കൃതം പദങ്ങൾ അദ്ദേഹം തന്റെ കാവ്യങ്ങളിൽ യഥേഷ്ടം ഉപയോഗിച്ചുകാണുന്നുണ്ട്. എന്നിരുന്നാലും കവനരീതിയിൽ നാടോടി ഈണങ്ങൾ ആവിഷ്കരിച്ചതിലൂടെ കവിത കുറേക്കൂടി ജനകീയമാക്കുകയായിരുന്നു എഴുത്തച്ഛൻ ചെയ്തത്. ഇതുവഴി ആണ് അദ്ദേഹം വിശ്വസിച്ചുപോന്നിരുന്ന ഭക്തിപ്രസ്ഥാനമൂല്യങ്ങൾ ആവിഷ്കരിച്ചതും. കിളിയെകൊണ്ട് കഥാകഥനം നടത്തുന്ന രീതിയോടെ സ്വതേ പ്രശസ്തമായിരുന്ന ഭാരതത്തിലെ ഇതിഹാസങ്ങൾ കുറേകൂടി ജനങ്ങൾക്ക് സ്വീകാര്യമായി എന്നു വേണം കരുതുവാൻ. മലയാളഭാഷയ്ക്ക് അനുയോജ്യമായ അക്ഷരമാല ഉപയോഗിച്ചതിലൂടെയും, സാമാന്യജനത്തിനു എളുപ്പം സ്വീകരിക്കാവുന്ന രീതിയിൽ ഇതിഹാസങ്ങളുടെ സാരാംശം വർണ്ണിച്ച് ഭാഷാകവിതകൾക്കു ജനഹൃദയങ്ങളിൽ എഴുത്തച്ഛന്റെ കാവ്യങ്ങൾ തനിമലയാളത്തിലായിരുന്നില്ല, സംസ്കൃതം പദങ്ങൾ അദ്ദേഹം തന്റെ കാവ്യങ്ങളിൽ യഥേഷ്ടം ഉപയോഗിച്ചുകാണുന്നുണ്ട്. എന്നിരുന്നാലും കവനരീതിയിൽ നാടോടി ഈണങ്ങൾ ആവിഷ്കരിച്ചതിലൂടെ കവിത കുറേക്കൂടി ജനകീയമാക്കുകയായിരുന്നു എഴുത്തച്ഛൻ ചെയ്തത്. ഇതുവഴി ആണ് അദ്ദേഹം വിശ്വസിച്ചുപോന്നിരുന്ന ഭക്തിപ്രസ്ഥാനമൂല്യങ്ങൾ ആവിഷ്കരിച്ചതും. കിളിയെകൊണ്ട് കഥാകഥനം നടത്തുന്ന രീതിയോടെ സ്വതേ പ്രശസ്തമായിരുന്ന ഭാരതത്തിലെ ഇതിഹാസങ്ങൾ കുറേകൂടി ജനങ്ങൾക്ക് സ്വീകാര്യമായി എന്നു വേണം കരുതുവാൻ. മലയാളഭാഷയ്ക്ക് അനുയോജ്യമായ അക്ഷരമാല ഉപയോഗിച്ചതിലൂടെയും, സാമാന്യജനത്തിനു എളുപ്പം സ്വീകരിക്കാവുന്ന രീതിയിൽ ഇതിഹാസങ്ങളുടെ സാരാംശം വർണ്ണിച്ച് ഭാഷാകവിതകൾക്കു ജനഹൃദയങ്ങളിൽ ഇടംവരുത്തുവാൻ കഴിഞ്ഞതിലൂടെയും ഭാഷയുടെ സംശ്ലേഷണമാണ് എഴുത്തച്ഛനു സാധ്യമായത്. സ്തുത്യർഹമായ ഈ സേവനങ്ങൾ മറ്റാരേക്കാളും മുമ്പെ എഴുത്തച്ഛനു സാധ്യമായതിൽ ഭാഷാശാസ്ത്രജ്ഞരും ചരിത്രകാരന്മാരും ഐകകണ്ഠ്യേന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെ മലയാളഭാഷയുടെ പിതാവെന്നു വിശേഷിപ്പിച്ചുപോരുന്നു.ആത്മീയതയും സാഹിത്യചിന്തയും ഒരേ അളവിൽ ചേർത്തായിരുന്നു എഴുത്തച്ഛന്റെ സാഹിത്യരചന.

പാട്ടുഭാഷ, മണിപ്രവാളഭാഷ , നാടൻ പാട്ടിലെ തനിവായ്മൊഴി ഭാഷ , മലയാളത്തനിമയാർന്ന കൃഷ്ണഗാഥയിലെ ഭാഷ എന്നിങ്ങനെ നാലു കൈവഴികൾ എഴുത്തച്ഛനു മുൻപ് കാവ്യഭാഷയ്ക്കുണ്ടായിരുന്നു. വ്യക്തി മനസ്സിലും സമൂഹ മനസ്സിലും സ്വാധീനം നേടിയപ്പോഴാണ് എഴുത്തച്ഛൻ ജനകീയ സാഹിത്യകാരനും അദ്ദേഹത്തിന്റെ സാഹിത്യം ജനകീയ സാഹിത്യവുമായത്. മലയാള ഭാഷയുടെ നവീകരണത്തിലൂടെ കേരളത്തിലങ്ങോളമിങ്ങോളമുള്ള ജനമനസ്സുകളെ ഒന്നിപ്പിക്കുന്ന ഒരു ഭാഷ എന്ന എഴുത്തച്ഛന്റെ സ്വപ്നം സാക്ഷാത്കരിക്കുകയായിരുന്നു. ഭക്തി പ്രസ്ഥാനത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു എഴുത്തച്ഛന്റെ കാലഘട്ടം. ഉദാത്ത ഭക്തിയുടെ നിലയ്ക്കാത്ത പ്രവാഹമായിരുന്നു എഴുത്തച്ഛന്റെ കാവ്യങ്ങൾ . ഊഷര മനസ്സുകളിൽ ധാർമ്മികതയുടെ പുതിയ കിരണങ്ങൾ ഉരുത്തിരിയുകയായിരുന്നു. ജീവിതം ക്ഷണികമാണ്; ആത്മാവ് അനശ്വരമാണ്;

അഹംബുദ്ധി പാടില്ല; ആത്മാവ് ഈശ്വരനാണ് ....... ഇങ്ങനെ നീളുന്നു എഴുത്തച്ഛന്റെ വേദാന്തചിന്തകൾ.

'എഴുത്തച്ഛന്റെ പൈങ്കിളിപ്പിടയുടെ പഞ്ചമ സ്വരാലാപം ഇരുളിൽ മയങ്ങിയലോകത്തെ ഉണർത്തുകയും അരുണപ്രഭ വിതറുന്ന സുപ്രഭാതത്തെ കാട്ടിത്തരുകയും ചെയ്യുവെന്ന്' മഹാകവി വള്ളത്തോൾ അഭിപ്രായപ്പെടുന്നു. എഴുത്തച്ഛനു മുൻപ് കിളി പാടുന്ന സങ്കല്പത്തിൽ കവിതകളുണ്ടായിട്ടുണ്ട്. എന്നാൽ അവയ്ക്കൊന്നും കിളിപ്പാട്ട് എന്ന പ്രസ്ഥാനമോ ശാഖയോ ആകാൻ കഴിഞ്ഞിട്ടില്ല. അച്ചീചരിതങ്ങളും അപദാന കഥകളും കൊണ്ട് മലയാളക്കരയുടെ ആത്മാവ് ജീർണ്ണിച്ചിരുന്ന കാലത്ത് ഭക്തി പ്രസ്ഥാനം കൊണ്ട് അതിനെ ഉണർത്താൽ തീരുമാനിച്ച എഴുത്തച്ഛൻ സംസ്കൃതത്തിന്റേയും തമിഴിന്റേയും പിടിയിൽ നിന്ന് മലയാള കവിതയെ വിമുക്തമാക്കിക്കൊണ്ടു വരാൻ കിളിപ്പാട്ടു രീതി അവതരിപ്പിക്കുകയാണുണ്ടായത്.

അധ്യാത്മരാമായണം കിളിപ്പാട്ട്, ഉത്തരരാമായണം, മഹാഭാരതം കിളിപ്പാട്ട്, ദേവീമാഹാത്മ്യം, ബ്രഹ്മാണ്ഡപുരാണം,ശതമുഖരാമായണം, ഹരിനാമകീർത്തനം, ഭാഗവതം കിളിപ്പാട്ട്, ശ്രീമദ്ഭാഗവതം, ചിന്താരത്നം, കൈവല്യനവനീതംഎന്നിവയാണ് എഴുത്തച്ഛന്റെ പ്രധാനകൃതികൾ. എല്ലാ വർഷവും ഡിസംബർ 31 തുഞ്ചൻദിനമായി ആചരിച്ചു വരുന്നു.

സ്ഥിരം പംക്തി >>>

# മലയാള ഭാഷോത്പത്തി

## ബിന്ദു നായർ .എസ് (അദ്ധ്യാപിക, മലയാള വിഭാഗം)

സാമൂഹ്യ ജീവിയായ മനുഷ്യന് സ്വന്തം ആശയം മറ്റൊരാളിലേക്ക് പകരുന്നതിന് അത്യന്താപേക്ഷിതമായ ഒന്നാണ് ഭാഷ. മനുഷ്യനെ പുരോഗതിയിലേക്ക് നയിച്ച സോപാനമായി മാറിയതും ഭാഷയുടെ ഉത്പത്തിയാണ്. ശാസ്ത്രീയമായും ബൗദ്ധികമായും ലോകത്തെ വികാസത്തിലേക്ക് നയിക്കുന്നതും ഭാഷയാണ്.

മലയാള ഭാഷയുടെ ഉല്പത്തിയെക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. മലയാള ത്തെ കേരള ഭാഷ എന്നാണ് ആദ്യ കാലത്ത് വ്യവച്ഛേദിച്ചിരുന്നത്. മലയാളം എന്ന പേര് ലഭിച്ചിട്ട് അധിക കാലമായിട്ടില്ല.

മലയാളം എന്നത് ദേശ നാമത്തെ കുറിക്കുന്ന പദമായിരുന്നു. മലയോട് ചേർന്ന് കിടക്കുന്ന പ്രദേശം എന്ന അർത്ഥത്തിൽ മലയാളം ഉണ്ടായി എന്നാണ് ഒരഭിപ്രായം.

മലയാണ്മ, മലയായ്മ എന്നീ സംജ്ഞകൾ ഭാഷാ വാചിയായി നിലവിലിരുന്നു.തുടർന്ന് ദേശ വാചിയായ ശബ്ദം തന്നെ ഭാഷാ നാമമായും പ്രയോഗിച്ചു തുടങ്ങി.

ദ്രാവിഡ ഭാഷാ ഗോത്രത്തിൽ പെട്ട ഒരു ഭാഷയാണ് മലയാളം . ഇതിന് തമിഴ് ഭാഷയോട് ഏറ്റവുമധികം സമ്പർക്കമുണ്ടായിരുന്നു.

മലയാളത്തിന് തമിഴിൽ നിന്ന് വ്യതിരിക്തമായ ഒരു നില പണ്ടു മുതലേ ഉണ്ടായിരുന്നു. ഒരേ മൂലഭാഷയുടെ രണ്ടു പ്രത്യേക ശാഖകളെന്ന നിലയിൽ മലയാളവും തമിഴും സ്വതന്ത്രമായി വളർന്നു വന്നു.

തമിഴ് പിൽക്കാലത്ത് പരിഷ്കൃത രൂപത്തിന് വിധേയമായി മാറിയപ്പോൾ മലയാളം മൗലികമായി അത്ര മാറിയില്ല. എങ്കിലും ചരിത്രപരമായ കാരണങ്ങളും ഭൂപരമായ പരസ്പര സാമീപ്യങ്ങളും കൊണ്ട് അനേകം പദങ്ങളും പ്രയോഗങ്ങളും തമിഴിൽ നിന്ന് മലയാളത്തിന് സ്വീകരിക്കേണ്ടിവന്നു. അതുകൊണ്ട് പ്രഥമ ദർശനത്തിൽ മലയാളത്തിന് തമിഴുമായി ഗാഢ ബന്ധ മുള്ളതായി തോന്നുന്നു എന്നല്ലാതെ അവയ്ക്ക് ജന്യ ജനക ഭാവം അതായത് തമിഴിൽ നിന്ന് ജനിച്ചതാണ് മലയാളം എന്ന് പറയുന്നത് അശാസ്ത്രീയമാണ് എന്നാണ് പണ്ഡിതമതം.

മലയാള ഭാഷയുടെ ഉല്പത്തി, വളർച്ച ഇവ സംബന്ധിച്ച് ഭാഷാ പണ്ഡിതന്മാർ വ്യത്യസ്ത വാദങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ സുപ്രധാനമായ വ സംസ്കൃത ജന്യ വാദം, സ്വതന്ത്ര ഭാഷാവാദം, ഉപശാഖാ വാദം, മിശ്രഭാഷാ വാദം, പൂർവ്വ തമിഴ്- മലയാള ഭാഷാവാദം , ഭാഷാസംക്രമണവാദം എന്നിവയാണ് .

ലേഖനം >>>

# 'വിദ്യാധനം സർവ്വധനാൽ പ്രധാനം'

പവിത്ര എസ് എസ് (പത്ത്-എ)

*"കൊണ്ടുപോകില്ല ചോരന്മാർ കൊടുക്കും തോറുമേറിടും*

*മേന്മ നൽകും മരിച്ചാലും വിദ്യതന്നെ മഹാധനം"*

മഹാകവി ഉള്ളൂരിന്റെ പ്രശസ്തമായ വരികൾ അറിവിൻറെ അനശ്വരതയെ കുറിക്കുന്നു. ഏത് കൊടിയ തസ്കരനായാലും അപഹരിച്ചു കൊണ്ടു പോകാനാകാത്ത മഹാധനം ആണ് ജ്ഞാനം .പകർന്നു നൽകും തോറും വർദ്ധിച്ചു കൊണ്ടിരിക്കുന്ന അക്ഷയപാത്രത്തിന് തുല്യമാണ് വിദ്യ. അതിനാൽ അത് അർഹിക്കുന്ന വന് നൽകിക്കൊണ്ടേയിരിക്കണം.

വിജ്ഞാന ശക്തി വാക്കുകൾക്ക് അതീതമാണ്. അറിവ് ഒരുവനെ അവൻ്റെ പ്രായത്തിന് അതീതമായ വിവേകം ഉള്ളവനാക്കി തീർക്കുന്നു. ഭൗതികമായ സമ്പത്തും സൗന്ദര്യവും നമ്മുടെ മരണത്തോടെ നമ്മോടൊപ്പം നാമാവശേഷമായി മാറും.

വിദ്യ എപ്പോഴും സദ് പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുന്നതാകണം. അറിവിൻറെ തലങ്ങൾ വ്യത്യസ്തമാർന്നവയാണ്. അത് ലോകത്തിലെ മഹാ സാഗര മാണ്. സാഗരത്തിലെ മുത്തും പവിഴവും രത്നങ്ങളും നാം തിരിച്ചറിയുമ്പോൾ അറിവാകുന്ന സൂര്യൻ ഹൃദയാ കാശത്തിൽ ഉജ്വല ശോഭയോടെ ഉദിച്ചുയരുന്നു. ജീവിതത്തിൽ പ്രകാശമാനമായ വീഥികളിലൂടെ സഞ്ചരിക്കുവാൻ ഒരു വ്യക്തിയെ സഹായിക്കുന്നതാകണം വിദ്യ. പകർന്നു കൊടുക്കാത്ത വിദ്യ മൺകുടത്തിന്റെ ഉള്ളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന വിളക്ക് പോലെയാണ്. അത്തരം അറിവ് തീർത്തും നിഷ്പ്രയോജനം ആയിത്തീരുന്നു.

ഒരു സമൂഹത്തിനുള്ളിൽ നടമാടുന്ന ദുരാചാരങ്ങളെയും അതിക്രമങ്ങളെയും തുടച്ചു നീക്കുവാൻ ജ്ഞാനത്തിൽ അധിഷ്ഠിതമായ വ്യവസ്ഥയിലൂടെ സാധിക്കും. ദാനത്തെ കുറിച്ചുള്ള നിയമം എന്തെന്നാൽ അത് അർഹിക്കുന്നവർക്ക് വേണം നൽകാൻ എന്നുള്ളതാണ്. വിദ്യാധനത്തിനും ഈ നിയമം ഒരു പരിധിവരെ ബാധകമാണ്.

ഏതൊരാളാണോ അവനിഷ്ടപ്പെട്ട വിദ്യയിൽ പരമാവധി പ്രാഗത്ഭ്യം തെളിയിച്ചത് ആ അറിവ് അവന് എപ്പോഴും ഒരു രക്ഷാകവചം ആയിരിക്കും.

എക്കാലവും അറിവുള്ളവരെ ആദരിക്കുക എന്നത് നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്രയാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ അവൻ ആർ ജിക്കുന്ന ഏറ്റവും ഉന്നതമായ സമ്പത്താണ് ജ്ഞാനസമ്പത്ത്. പഠിച്ച വിദ്യ യഥാസമയം പ്രയോഗിക്കാൻ അറിയുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏത് പ്രതിസന്ധിയും പ്രശ്നങ്ങളും ഉണ്ടായാലും അവയെല്ലാം സധൈര്യം തരണം ചെയ്ത് മുന്നോട്ട് പോകാൻ സാധിക്കും.

സ്ഥിരം പംക്തി >>>

# മലയാള ഭാഷയ്ക്ക് മറ്റു ഭാഷകളുമായുള്ള ബന്ധം

പ്രഭ .എസ് (അദ്ധ്യാപിക, മലയാള വിഭാഗം)

**മലയാളഭാഷയ്ക്ക് മറ്റു ഭാഷകളുമായി അഭേദ്യമായ ബന്ധമാണുള്ളത്. മലയാളത്തി ൻ്റെ ഉല്പത്തി തന്നെ ഇന്നും നിരവധി വാദപ്രതിവാദങ്ങളായി നിലകൊള്ളുന്നു. മലയാളത്തിൽ അന്യഭാഷകളുടെ സ്വാധീനം ഒഴിവാക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്. ഈ സ്വാധീനം ഭാഷയുടെ വളർച്ചയെ വളരെയധികം സഹായിച്ചിട്ടുണ്ട്. അതോടൊപ്പം മലയാളത്തി ൻ്റെ തനിയ്ക്ക് ഒരളവോളം കോട്ടം വരുത്തിയിട്ടുമുണ്ട് എന്നതും വിസ്മരിച്ചുകൂടാ.**

മലയാളഭാഷയ്ക്ക് തമിഴു മായുള്ള ബന്ധത്തെക്കുറിച്ച് കേരളപാണിനീയം പീഠികയിൽ ഏ. ആർ. രാജരാജവർമ്മ രേഖപ്പെടുത്തുന്നുണ്ട്.

മലൈനാടായ മലയാളത്തിലെ ആദിമ നിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴുമായിരുന്നു എന്ന് കേരളപാണിനി നിരീക്ഷിക്കുന്നു. ഗ്രന്ഥ ഭാഷയ്ക്ക് ചെന്തമിഴെന്നും നാടോടി ഭാഷയ്ക്ക് കൊടുന്തമിഴെന്നുമാണ് തമിഴ് ഗ്രന്ഥകാരന്മാർ പേരിട്ടിരിക്കുന്നത്.

കൊടുന്തമിഴ് മലയാളം ആയി രൂപപ്പെട്ടു എന്നാണ് കേരളപാണിനിയുടെ നിരീക്ഷണം. മലയാളത്തെ സ്വാധീനിച്ച പ്രബല ഭാഷകൾ സംസ്കൃതവും ഇംഗ്ലീഷും തന്നെ.

അനേകകാലം സംസ്കൃതഭാഷയുടെ ആധിപത്യത്തിന് വിധേയ മായിരുന്ന മലയാളത്തിലെ നല്ലൊരു പങ്ക് പദങ്ങളും സംസ്കൃതത്തിൽ നിന്ന് തത്സമ രൂപത്തിലോ തത്ഭവ രൂപത്തിലോ സ്വീകരിച്ചിട്ടുള്ളവ ആണെന്ന് കാണാം.

വ്യാകരണത്തിൽ പോലും ഈ സ്വാധീനം പ്രകടമാണ്. പ്രാചീന തമിഴിൻ്റെ അകന്ന ഭാഷാഭേദം ആയിരുന്ന കേരളഭാഷ ആധുനിക മലയാളമായി പരിണമിച്ചതിൽ സംസ്കൃതത്തിൽ നിന്നുള്ള സ്വീകാര്യം ശ്രദ്ധാർഹമായ പങ്കുവഹിച്ചിട്ടുണ്ട്. വ്യവഹാരത്തി ലുള്ള പല സംസ്കൃത പദങ്ങളും അന്യത്വം കാണിക്കാതെ മലയാളഭാഷയിൽ അലിഞ്ഞുചേർന്നിരിക്കുന്നു.

മുഖം, നഖം, സൂര്യൻ, ആകാശം, ചന്ദ്രൻ, ഭാഷ, ജനനം ,മരണം, പരീക്ഷിക്കുക , ആലോചിക്കുക തുടങ്ങിയ ഒട്ടേറെ നാമ, ക്രിയാ രൂപങ്ങൾ സംസ്കൃതത്തിൽ നിന്നും വന്നവയാണ്. പല പദങ്ങളും പ്രാകൃത ഭാഷകൾ വഴിയും മലയാളത്തിലേക്ക് കടന്നു വന്നിട്ടുണ്ട്. അ ക്കം ( അക്ഖ) ആയിരം( സഹസിര) ഉറുപ്പിക( റുപ്പിയ) കുപ്പായം( കുപ്പാസ) തോണി( ദോ ണി) മോതിരം( മൊദി രാ) എന്നിവ ഇക്കൂ ട്ടത്തിൽപ്പെടുന്നു. സംസ്കൃതം കഴിഞ്ഞാൽ പിന്നെ മലയാളത്തെ ഏറെ സ്വാധീനിച്ചത് ഇംഗ്ലീഷ് ആണെന്ന് കാണാം. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഒരു വിഭാഗം ഔദ്യോഗിക രംഗത്തും സാംസ്കാരിക രംഗത്തും സാഹിത്യ ലോകത്തും ആധിപത്യം ഉറപ്പിച്ചത് ഭാഷയുടെ വളർച്ചയ്ക്ക് സഹായകമായി എന്ന് പറയാം.

മലയാളത്തിലെപല സാഹിത്യ സാഹിത്യരൂപങ്ങളും ഇംഗ്ലീഷിൽ നിന്നും പറിച്ചു ന ട്ടവയാണ് എന്നതാണ് യാഥാർത്ഥ്യം. ഇത് ഇംഗ്ലീഷിന് മലയാളത്തിലുണ്ടായ സ്വാധീനത്തെ ചൂണ്ടിക്കാട്ടുന്നു.

കച്ചവടം ലക്ഷ്യമാക്കി കേരളക്കരയിലേക്ക് വൈദേശിക ശക്തികൾ വന്ന കാലം മുതൽ ആ ഭാഷകളുടെ സ്വാധീനവും മലയാളത്തിലുണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഭാഷകളാണ് പോർച്ചുഗീസ്, അറബി, ഡച്ച് എന്നിവ.

പതിനഞ്ചാം നൂറ്റാണ്ടോടെ വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ള കത്തോലിക്കാ മിഷനറിമാർ കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. അതോടെ അവരുടെ ഭാഷയും മലയാളത്തെ സ്വാധീനിച്ചു എന്നുപറയണം. പോർച്ചുഗീസ്, ലത്തീൻ, സുറിയാനി തുടങ്ങിയ ഭാഷാപദങ്ങൾ മലയാള പദ കോശത്തിൽ സ്ഥാനമുറപ്പിച്ച ത് ഇങ്ങനെയാണ്.

ബൈബിൾ വിവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും മലയാളത്തെ സ്വാധീനിക്കുകയുണ്ടായി .

മറ്റു ഭാരതീയ ഭാഷകളിൽ നിന്ന് സ്വീകരിച്ചതും സാധാരണ വ്യവഹാരത്തിൽ ഉള്ളതുമായ ചില പദങ്ങൾ

ഹിന്ദി: കച്ചേരി(കചേരി)

ദോത്തി ( ധോ തി)സാരി ( സാഡീ ) പപ്പടം ( പാപഡ്)

മാറാഠി- കത്തി ( കത്തി ) കിച്ചടി (ഖിചഡി) തപാൽ( ടപാല) വട ( വടാ)സാമ്പാർ( സാമ്പാർ)

വിദേശഭാഷകളിൽ സ്വീകരിച്ച ചില പദങ്ങൾ

പേർഷ്യൻ- അച്ചാർ (അ ചാർ)ഉഷാർ(ഉശാർ) ചപ്പാത്തി( ചപാ തി)

അറബി: കത്ത് ( ഖത്) ഖജാൻജി( ഖസാൻചി) ജപ്തി( ളബ്ത്തി) മൈതാനം( മയ്ദാൻ)

സുറിയാനി: കപ്യാർ( കബൂറാ) കുർബാന (കർ ബാനാ) മാമോദിസ( മഅമോദി താ)

ഗ്രീക്ക്: അക്കാദമി( അക്കദമിയ) ക്രിസ്തു( ഖ്റിസ് തോസ്) ബൈബിൾ( ബി ബ്ളോസ്) സൂനഹദോസ്

ലാറ്റിൻ: ക്രിസ്ത്യാനി( ക്രിസ്തിയാനി) സെമിനാരി( സെമിനാരിയം) പോർത്തുഗീസ് അൾത്താര( അല് താരിയ)

പോർത്തുഗീസ്:അലമാര( അ ൻമാറിയോ) ഇസ്തിരി( എസ് തിരാർ) കപ്പിത്താൻ( കാ പിതാഓ) കസേര ( ക ദൈയ് ര)

ഹീബ്രു: ഓശാന( ഊശാനാ) മിശിഹാ (മാശീഹ ) മെത്ത (മിതാഹ്)

ഏതൊരു ഭാഷയും വളരുന്നത് ആദാനപ്രദാനങ്ങളിലൂടെയാണ്.

മലയാളത്തെ സംബന്ധിച്ചിടത്തോളം തമിഴ്, തെലുങ്ക്, കന്നഡ തുടങ്ങിയ ഭാഷകളിൽ നിന്ന് ആദ്യകാലം മുതൽക്കേ പദങ്ങൾ കടം കൊണ്ടിരുന്നു എന്ന് മനസ്സിലാക്കാം.ലീലാതിലകത്തിലെ കൂന്തൽവാദം ഇതാണ് തെളിയിക്കുന്നത്. അതോടൊപ്പം അറബികളും സുറിയാനികളുമായുള്ള ബന്ധത്തിന്റെ ഫലമായി അവരിൽ നിന്നും നമ്മൾ പദങ്ങൾ കടം കൊണ്ടിരുന്നു.

ഈ ഭാഷകളുമായുള്ള സമ്പർക്കത്തിന്റെ ഫലമായി നമ്മുടെ ഭാഷ മെച്ചപ്പെട്ടു എന്നുമാത്രമല്ല അറബിമലയാളം, കുറുത്തോ നി (സുറിയാനിയുംമലയാളവും ചേർന്ന്) തുടങ്ങിയ സങ്കര ഭാഷകളും രൂപംകൊണ്ടു. ഇത്തരം സമ്പർക്കത്തിലൂടെ മലയാളം പദസമ്പത്ത് വർദ്ധിപ്പിക്കുകയാണുണ്ടായത്